# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2248** **11-03-2020-ൽ മറുപടിക്ക്**

## അഡ്വഞ്ചർ ടൂറിസം മേഖലയിലെ പദ്ധതികൾ

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഡ്വഞ്ചർ ടൂറിസം മേഖലയിൽ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഡ്വഞ്ചർ ടൂറിസം മേഖലയിൽ ആവിഷ്കരിച്ച പദ്ധതികൾ ചുവടെചേർക്കുന്നു.<br><br>1) സാഹസിക ടൂറിസം വളരുന്നതോടൊപ്പം ആ മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 സാഹസിക ടൂറിസം ആക്റ്റിവിറ്റികളെ ഉൾപ്പെടുത്തി ഒരു സമഗ്രമായ "സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റഗുലേഷൻസ്" തയ്യാറാക്കിയിട്ടുണ്ട്.<br><br>ഇതോടൊപ്പം തന്നെ വിനോദ സഞ്ചാര വകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി ഒരു രജിസ്ട്രേഷൻ സിസ്റ്റവും നടപ്പിലാക്കുകയാണ്. സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റഗുലേഷൻസിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കും രജിസ്ട്രേഷൻ നൽകുക. വിനോദസഞ്ചാര വകുപ്പിലെ |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥരും, ഈ മേഖലയിലെ വിദഗ്ധരും അടങ്ങിയ ഒരു കമ്മിറ്റിയുടെ നേരിട്ടുള്ള പരിശോധനയുടെ അടിസ്ഥാനത്തിലായിരിക്കും വിനോദ സഞ്ചാരവകുപ്പ് ഡയറക്ടർ രജിസ്ട്രേഷൻ അനുവദിക്കുന്നത്. 2 വർഷമാണ് രജിസ്ട്രേഷൻ കാലാവധി. സംസ്ഥാനത്ത് സാഹസിക വിനോദ സഞ്ചാരമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യക്തികളും സ്ഥാപനങ്ങളും സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ച് നിശ്ചിത സമയത്തിനുള്ളിൽ രജിസ്ട്രേഷൻ സമ്പ്രദായത്തിന്റെ ഭാഗമാകേണ്ടതാണ്.<br>2) സ്ഥലം ലഭിക്കുന്ന മുറക്ക് കേരളത്തിലെ 14 ജില്ലകളിലും അഡ്വഞ്ചർ പാർക്ക് സ്ഥാപിക്കുക എന്നതാണ് ഗവൺമെന്റിന്റെ നയം. തിരുവനന്തപുരം ജില്ലയിലെ വേളിയിലും മലപ്പുറം ജില്ലയിലെ കോട്ടപ്പുറത്തും അഡ്വഞ്ചർ പാർക്കുകൾ സ്ഥാപിക്കുകയുണ്ടായി.<br>3) സാഹസിക ടൂറിസത്തിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും മാനവ വിഭവശേഷി ഉറപ്പുവരുത്തുന്നതിനുമായി അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയിൽ 12 ഏക്കറോളം വരുന്ന സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തി. അക്കാദമി തുടങ്ങാനുള്ള തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. അക്കാദമി പ്രാവർത്തികമായാൽ കര, വ്യോമ, ജല മേഖലയിൽ വിവിധ അഡ്വഞ്ചർ ട്രെയിനിംഗ് കോഴ്സുകൾ നൽകുന്ന കേരളത്തിലെ |

| | | | |
|---|---|---|---|
| | | | ആദ്യ അക്കാദമിയാവും തിരുവനന്തപുരത്തെ ശാസ്താംപാറ അഡ്വഞ്ചർ ടൂറിസം അക്കാദമി.<br>4) സാഹസിക ടൂറിസത്തിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഈ മേഖലയിലെ പരിശീലന പദ്ധതികളും വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി വ്യത്യസ്തങ്ങളായ ട്രെയിനിംഗ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. വിനോദസഞ്ചാരവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന K.I.T.T.S. സാഹസിക ടൂറിസത്തിൽ വിവിധങ്ങളായ കോഴ്സുകൾ സംഘടിപ്പിക്കുന്നു.<br>5) മൂന്നാറിൽ പാരാഗ്ലൈഡിംഗ് ആരംഭിക്കുന്നതിനു വേണ്ടിയുള്ള സ്ഥലം കണ്ടെത്തി.<br>6) കോഴിക്കോട് ജില്ലയിലെ തുഷാരഗിരി വൈറ്റ് വാട്ടർ കയാകിംഗിന് ലോക പ്രസിദ്ധമായ സ്ഥലമാണ്. തുഷാരഗിരിയിലെ അടിസ്ഥാന സൗകര്യ വികസനം സർക്കാരിന്റെ പരിഗണനയിലുള്ള മറ്റൊരു പദ്ധതിയാണ്.<br>7) വിവിധങ്ങളായിട്ടുള്ള അന്തർദേശീയ മത്സരങ്ങളായ എം.റ്റി.ബി. കേരള മൗണ്ടൻ സൈക്ലിംഗ്, വൈറ്റ് വാട്ടർ കയക്കിംഗ് മത്സരം മലബാർ റിവർ ഫെസ്റ്റിവൽ, ചാലിയാർ ചലഞ്ച്, ആംഗ്ലിംഗ് മത്സരം, പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ എന്നിവ കെ.എ.റ്റി.പി.എസ് സംഘടിപ്പിക്കാറുണ്ട്. സൈക്ലിംഗിന്റെ അന്തർദേശീയ സംഘടനയായ (U.C.I.) യുടെ ഭാഗമായ ഇന്ത്യയിലെ ആദ്യത്തെ മൗണ്ടൻ സൈക്ലിംഗ് മത്സരം എം.റ്റി.ബി. കേരള 2019 നടന്നത് വയനാട് ജില്ലയിലെ പ്രിയദർശിനി റ്റീ എസ്റ്റേറ്റിലാണ്. |

<table>
<tr><td>(ബി)</td><td>ഓരോ വർഷവും പദ്ധതികൾ നടപ്പിലാക്കുന്നതിന് നീക്കിവച്ച തുക എത്രയെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;</td><td>(ബി)</td><td>
<table>
<tr><th>വർഷം</th><th>പദ്ധതികൾ</th><th>നീക്കിവച്ച തുക</th><th>ചെലവായ തുക</th></tr>
<tr><td rowspan="2">2017</td><td>എം.റ്റി.ബി. കേരള അന്താരഷ്ട്ര മൗണ്ടൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പ്.</td><td>50,00,000 രൂപ</td><td>64,80,922/ രൂപ</td></tr>
<tr><td>മലബാർ റിവർ ഫെസ്റ്റിവൽ മലബാർ റിവർ വൈറ്റ് വാട്ടർ കയാക്ക് വേൾഡ് ചാമ്പ്യൻഷിപ്പ്.</td><td>5 ലക്ഷം രൂപ</td><td>4,20,599/ രൂപ</td></tr>
<tr><td rowspan="2">2018</td><td>എം.റ്റി.ബി. കേരള അന്താരഷ്ട്ര മൗണ്ടൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പ്.</td><td>60 ലക്ഷം രൂപ</td><td>62,94,643/ രൂപ</td></tr>
<tr><td>ചാലിയാർ റിവർ പാഡിൽ</td><td>5 ലക്ഷം രൂപ</td><td>5 ലക്ഷം രൂപ</td></tr>
<tr><td rowspan="3">2019</td><td>എം.റ്റി.ബി. കേരള കേരള അന്താരഷ്ട്ര മൗണ്ടൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പ്.</td><td>75 ലക്ഷം രൂപ</td><td>82,42,786/ രൂപ</td></tr>
<tr><td>മലബാർ റിവർ ഫെസ്റ്റിവൽ മലബാർ റിവർ വൈറ്റ് വാട്ടർ കയാക്ക് വേൾഡ് ചാമ്പ്യൻഷിപ്പ്.</td><td>20 ലക്ഷം രൂപ</td><td>20 ലക്ഷം രൂപ</td></tr>
<tr><td>ചാലിയാർ റിവർ പാഡിൽ</td><td>5 ലക്ഷം രൂപ</td><td>5 ലക്ഷം രൂപ</td></tr>
</table>
</td></tr>
<tr><td>(സി)</td><td>അഡ്വഞ്ചർ ടൂറിസം മേഖലയിൽ ആവിഷ്കരിച്ച ഓരോ പദ്ധതിയുടെയും പുരോഗതി സംബന്ധിച്ച റിപ്പോർട്ട് നൽകാമോ?</td><td>(സി)</td><td>1) കേരളത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 സാഹസിക ടൂറിസം ആക്റ്റിവിറ്റികളെ ഉൾപ്പെടുത്തി ഒരു സമഗ്രമായ "സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റഗുലേഷൻസ്" തയ്യാറാക്കി. ഇതോടൊപ്പം തന്നെ വിനോദ സഞ്ചാര വകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി ഒരു രജിസ്ട്രേഷൻ സിസ്റ്റവും നടപ്പിലാക്കുകയാണ്.<br>2) അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയിൽ 12 ഏക്കറോളം വരുന്ന സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തി. നിലവിൽ സ്ഥലം റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ കൈവശമാണ്. ആയതിനാൽ സ്ഥലം ലഭിക്കുന്നതിനുള്ള അപേക്ഷ കളക്ടർക്ക് നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നതിനനുസരിച്ച് അക്കാദമിയുടെ തുടർ</td></tr>
</table>

| | | | |
|---|---|---|---|
| | | | നടപടികൾ വേഗത്തിൽ നടപ്പിലാക്കുന്നതാണ്. അക്കാദമിയുടെ ഒന്നാംഘട്ടം 2020 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.<br>3) വിനോദ സഞ്ചാരവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന K.I.T.T.S. സാഹസിക ടൂറിസത്തിൽ വിവിധങ്ങളായ കോഴ്സുകളും സംഘടിപ്പിച്ചു വരുന്നു.<br>4) മൂന്നാറിൽ പരാഗ്ലൈഡിംഗ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ ദേവികുളം സബ്കളക്ടറുടെ ഓഫീസിലാണ്.<br>5) കോഴിക്കോട് ജില്ലയിലെ തുഷാരഗിരി വൈറ്റ് വാട്ടർ കയാകിംഗിന് ലോക പ്രസിദ്ധമായ സ്ഥലമാണ്. തുഷാരഗിരിയിലെ അടിസ്ഥാന വികസനം സർക്കാരിന്റെ പരിഗണനയിലുള്ള മറ്റൊരു പദ്ധതിയാണ്. ഇപ്പോൾ അത് കെ.ഇ.എൽ-ന്റെ ഡി.പി.ആർ പ്രിപ്പറേഷന്റെ അവസാന ഘട്ടത്തിലാണ്. |

**സെക്ഷൻ ഓഫീസർ**